പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5904

25.5.2017 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര വിപണനത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ. ദാസൻ: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | വിനോദസഞ്ചാര വിപണനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | • കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു.<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>• കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br>• നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>• കേരള ബ്ലോഗ് എക്സ് പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.<br>• വിനോദസഞ്ചാരികളേയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരുന്നു.<br>• ദേശീയ/ അന്തർ ദേശീയ പ്രസിദ്ധീകരണങ്ങളിൽ കേരള ടൂറിസത്തിന്റെ പരസ്യം നൽകിവരുന്നു.<br>• മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തെ പരിചയപ്പെടുത്തുന്നതിനും ആകർഷിക്കുന്നതിനുമായി പാർട്ണർഷിപ്പ് മീറ്റുകളും റോഡ്ഷോകളും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | • അവധിക്കാലത്തും മറ്റും ദേശീയ തലത്തിൽ കേരള ടൂറിസം പ്രചരിപ്പിക്കാനായി ഡ്രീം സീസൺ/ ഓഫ് സീസൺ ക്യാമ്പയിൻ നടത്തി വരുന്നു.<br>• സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്കും തദ്ദേശിയർക്കുമായി ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികൾ നടത്തിവരുന്നു.<br>• നാഷണൽ/ ഇന്റർനാഷണൽ ക്യാമ്പയിൻ നടത്തിവരുന്നു.<br>• പ്രചരണത്തിന്റെ ഭാഗമായി വിവിധ വിദേശ രാജ്യങ്ങളിലെ പ്രസിദ്ധീകരണങ്ങളിലും ടി.വി ചാനലുകളിലും പരസ്യം നൽകിവരുന്നു.<br>• വിവിധ സാംസ്കാരിക പരിപാടികൾക്കും മേളകൾക്കും സാമ്പത്തിക സഹായവും സ്പോൺസർഷിപ്പും നൽകിവരുന്നു. |
| ബി) | വിനോദസഞ്ചാര വിപണനത്തിനുള്ള ഏറ്റവും നല്ല ഉപാധി വിനോദ സഞ്ചാരികൾക്ക് മികച്ച സേവനവും മാന്യമായ പെരുമാറ്റവും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും ഗതാഗതസൗകര്യവും ആയതിനാൽ ഇവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ; | ബി) | നടപടി സ്വീകരിച്ചു വരുന്നു. |
| സി) | മെച്ചപ്പെട്ട വിനോദ സഞ്ചാര വിപണനത്തിനായി പ്രചരണപരിപാടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ